പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.416      27/09/2016-ൽ മറുപടിക്ക്

**വൈദ്യുതി ലഭിയ്ക്കുവാൻ ഉടമസ്ഥാവകാശ സർട്ടിഫിക്കറ്റ്**

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ.ജി.എസ്.ജയലാൽ | | ശ്രീ. കടകംപള്ളി സുരേന്ദ്രൻ (വൈദ്യുതിയും ദേവസ്വവും വകുപ്പ മന്ത്രി) |
| (എ) | പുറമ്പോക്ക് ഭൂമിയിലും കൈവശരേഖ ലഭിക്കാത്ത ഭൂമിയിലും വീട് വച്ച് താമസിക്കുന്ന കുടുംബങ്ങൾക്ക് വൈദ്യുതി ലഭിയ്ക്കുന്നതിലേയ്ക്കായി ഉടമസ്ഥാവകാശ സർട്ടിഫിക്കറ്റ് ലഭിയ്ക്കാത്ത സാഹചര്യത്തിൽ ഇത്തരം കുടുംബങ്ങൾക്ക് വൈദ്യുതി ലഭിയ്ക്കുവാൻ നിലവിൽ എന്തെങ്കിലും അവസരങ്ങൾ ഉണ്ടോ; വിശദാംശം അറിയിക്കാമോ? | (എ) | തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നുമുള്ള 04.06.2012 നം 04.08.2012 നം ഇറങ്ങിയ സർക്കാർ ഉത്തരവുകൾ വഴി 100 ച.മീറ്റർ വരെയുള്ള വാസഗൃഹങ്ങൾക്ക് അവ ഉടമസ്ഥാവകാശം ഇല്ലാത്ത ഭൂമിയിലാണെങ്കിൽ പോലും താൽക്കാലിക റസിഡൻഷ്യൽ സർട്ടിഫിക്കറ്റ് നൽകുവാൻ തദ്ദേശസ്ഥാപനങ്ങൾക്ക് അധികാരം നൽകുകയും ഈ സർട്ടിഫിക്കറ്റ് വൈദ്യുതി കണക്ഷൻ ഉൾപ്പെടെയുള്ള സേവനങ്ങൾ ലഭിക്കുവാൻ ഉപയോഗിക്കുന്നതിന് അനുമതി നൽകുകയും ചെയ്തിരുന്നു. ഈ ഉത്തരവുകളുടെ ചുവടു പിടിച്ചു കൊണ്ട് ഉടമസ്ഥാവകാശം ഇല്ലാത്ത ഭൂമിയിലാണെങ്കിൽ പോലും 100 ച.മീറ്റർ വരെയുള്ള വാസ ഗൃഹങ്ങൾക്ക് അതാത് പഞ്ചായത്ത് / മുൻസിപ്പാലിറ്റി / കോർപ്പറേഷൻ അധികൃതർ നൽകുന്ന താൽക്കാലിക റസിഡൻഷ്യൽ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ കണക്ഷൻ നൽകുന്നതിനുള്ള ഉത്തരവ് ബോർഡ് ഇറക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ